ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 1975 മുതൽ 19 പരാതികളും ലഭിച്ചിട്ടുണ്ട്.

(ഡി) ഈ പരാതികളെപ്പറ്റി വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണങ്ങളും നടത്തുകയുണ്ടായി. അന്വേഷണം നടത്തി ഗവൺമെന്റിനു നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൻമേൽ നടപടികളും ആവശ്യമില്ലെന്ന് കാണുകയാൽ മേൽ നടപടികളും വേണ്ടെന്നു വച്ചു.

(ഇ) ഉണ്ട്.

(എഫ്) ശ്രീമതി സുഭദ്രയുടെ പ്രമോഷന്റെ കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

പബ്ലിക് ലൈബ്രറി

1147 [1830] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ അംഗങ്ങളും വരിക്കാരുമായി എത്ര പേർ ഉണ്ട്;

(ബി) ഇപ്പോൾ പുസ്തകങ്ങളുടെ എണ്ണം എത്ര;

(സി) പത്തുവർഷത്തിനുമുൻപ് അവ എത്ര വീതമായിരുന്നു;

(ഡി) കഴിഞ്ഞ പത്തുവർഷത്തിനകം എത്ര ജീവനക്കാരെ കൂടുതലായി നിയമിച്ചിട്ടുണ്ട്?

ഉത്തരം

(എ) 8450 പേർ

(ബി) 1,64,200

(സി) അംഗങ്ങൾ 2860, പുസ്തകങ്ങൾ 1,11,973

(ഡി) 6 പേരെ കൂടുതലായി നിയമിച്ചിട്ടുണ്ട്.

പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദമുള്ള അദ്ധ്യാപകർക്ക് ആനുകൂല്യം

1148 [1832] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലിരിക്കുന്ന പോസ്റ്റ് ഗ്രാഡ്വേറ്റ് അദ്ധ്യാപകർക്ക്, തമിഴ്നാട് പോലുള്ള മറ്റു സംസ്ഥാനങ്ങളിലെ പോസ്റ്റ് ഗ്രാഡ്വേറ്റ് അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) മറ്റ് അദ്ധ്യാപകർക്കുള്ള ആനുകൂല്യങ്ങളിൽ കൂടുതൽ ...വർക്കു നൽകുന്നത് ശരിയാണെന്നു ഗവൺമെന്റ് കരുതുന്നില്ല.

National Cadet Corps

1149 [1834] **Shri Ramappa:** Will the Minister of Education be pleased to state:

(a) The total strength of the NCC in the State;

(b) How many of them are boys and how many are girls;

(c) Has it come to the notice of Government that there is apathy among the students belonging to the rich families to join the N.C.C.

(d) If so, what action is proposed to be taken to check such tendencies?

Answer

(a) Present enrolled strength of NCC in the State is 66633

(b) Boys 58401
Girls 8232

(c) It has now been brought to the notice of Government that most of the boys and girls who have joined NCC are from lower middle class and poor families.

(d) Enrolement in NCC cannot be made compulsory as it is optional.

തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ ഭരണത്തിലെ അഴിമതി

1150 [1835] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുടെ ഭരണകാര്യത്തിൽ സ്റ്റേറ്റ് ലൈബ്രേറിയൻ അഴിമതി കാണിക്കുന്നു എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഹരിജനങ്ങളായ ജീവനക്കാരോട് സ്റ്റേറ്റ് ലൈബ്രേറിയൻ ക്രൂരമായി പെരുമാറുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ 1978 ജനുവരിയിൽ പെൻഷൻ പറ്റിപിരിഞ്ഞ ഒരു മൂന്നാം ക്ലാസ് ജീവനക്കാരനെ ഒരു വർഷവും ഒരു മാസവും കഴിഞ്ഞ് സർവ്വീസിൽ 60 വയസ്സുവരെ തുടരാൻ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ നടപടി മൂലം ആ സ്ഥാപനത്തിലെ നാലാം ക്ലാസ് ജീവനക്കാരുടെ ഏക പ്രമോഷൻ തസ്തിക നഷ്ടപ്പെട്ടകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly